LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുമുന്നോടിയായി ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വരുത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി പി.എസ്.സി. യുടെ ഉപദേശം ആരായുകയും പി.എസ്.സി. വിയോജിപ്പ് അറിയിച്ചിരിക്കുകയുമാണ്. പി.എസ്.സി. ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

71 (2890) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2013 ജനുവരി 5-ന് നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ പ്രകാരം എത്ര ഉദ്യോഗാർത്ഥികൾ അടങ്ങിയ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(സി) ഈ ലിസ്റ്റിൽ നിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; ഇതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റിൽ ആകെ 3744 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 7-4-2016 വരെയോ അല്ലെങ്കിൽ ടി തസ്തികയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയോ പ്രാബല്യമുണ്ടായിരിക്കും.

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.